PRESIDENT: That matter has been brought to my special notice and I am looking into it. It need not be discussed in the House.

MR. P. C. ADICHAN— ബഹുമാനപ്പെട്ട ഗവമ്മെന്റിൽനിന്നും ഒരു ഹോസ്റ്റൽ തിരുവനന്തപുരത്തു നടത്തിവരുന്നുണ്ടു്. അവിടെ ൩൫ കുട്ടികൾ താമസിക്കുന്നു. അതിലേക്കു് ൫൦൦൦ രൂപ പ്രതിവർഷം ചെലവാകുന്നു. നാഗർകോവിലിൽ ഉള്ള ഹോസ്റ്റലിൽ ൨൩ കുട്ടികളെ താമസിപ്പിക്കുന്നുണ്ടു്. അതിലേക്കു ൨൫൦൦ രൂപ ചെലവാകുന്നുമുണ്ടു്. കോട്ടയത്തുള്ള ഹോസ്ററലിൽ ൨൧ കുട്ടികൾ താമസിക്കുന്നു. ൨൫൦൦ രൂപ ചെലവാകുന്നു. ഇങ്ങനെ മൂന്നു ഹോസ്ററലുകളിലുംകൂടി ൮൨ കുട്ടികളെ താമസിപ്പിക്കുന്നുണ്ടു്, പതിനായിരം രൂപ ചെലവാകുന്നുമുണ്ടു്.

സർ, ഈ കൂട്ടത്തിൽ കേവലം രണ്ടു കുട്ടികളെ മാത്രമാണു് ഈ മൂന്നു ഹോസ്ററലുകളിലുംകൂടി കുറവ സമുദായത്തിൽനിന്നും പ്രവേശി

പ്പിച്ചിട്ടുള്ളതു്. വിദ്യാഭ്യാസകാൎയ്യത്തിൽ കുറവസമുദായം ഇന്നും വളരെ പിന്നോക്കം കിടക്കുകയാണു്. ഇപ്പോൾ ബി. എ. മുതലായ പരീക്ഷ പാസായവർ കുറവസമുദായത്തിൽ ഉണ്ടെന്നു് പറയുന്നു. എന്നാൽ അതു് കുറവസമുദായത്തിൽപ്പെട്ട ആളുകളല്ല, കാക്കാലസമുദായത്തിൽപ്പെട്ട ആളുകളാണു് എന്നു് വിനീതമായി ഞാൻ അറിയിക്കുന്നു. ഉദ്യോഗം കിട്ടുന്നതിനുള്ള സൗകൎയ്യത്തിനുവേണ്ടി കാക്കാലൻ എന്നു് എഴുതി ബ്രാക്കെററിൽ കുറവർ എന്നു എഴുതുകയാണു്. സർ, പതിനായിരം രൂപയോളം ഹോസ്റ്റൽ സംരക്ഷണത്തിനായി വിദ്യാഭ്യാസവകുപ്പിലേക്കു കൊടുക്കുന്നുണ്ടെങ്കിലും അവശസമുദായ സംരക്ഷണാർത്ഥം ഗവൺമെൻറു മററു സംഖ്യകൾ ചെലവാക്കുന്നുണ്ടെങ്കിലും കുറവസമുദായത്തിൽനിന്നും രണ്ടു കുട്ടികളെ മാത്രമെ അവിടെ പ്രവേശിപ്പിച്ചിട്ടുള്ളു. കാളേജിൽ ചേരുന്നതിനു കുട്ടികൾ ഇല്ലാത്തതുകൊണ്ടാണെന്നും അല്ലാതെ അതു് ഗവർമ്മെൻറിൻെറയോ സംരക്ഷകൻെറയോ കുററമല്ലായെന്നു അറിയിച്ചുകൊള്ളട്ടെ. അവശസമുദായാംഗങ്ങളുടെ കാളേജ് വിദ്യാഭ്യാസത്തിലേക്കായി വിദ്യാഭ്യാസവകുപ്പിനെ ഏല്പിക്കുന്ന പണം ജനസംഖ്യാനുപാതികമായി വീതിച്ചു ഓരോ സമുദായക്കാൎക്കും അതിൻെറ ഗുണം സിദ്ധിക്കത്തക്കവിധം കൊടുക്കണമെന്നും കാളേജ് വിദ്യാർത്ഥിയില്ലെങ്കിൽ അതേ സമുദായത്തിൽപ്പെട്ട താഴ്ന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു ആ തുക കൊടുക്കണമെന്നുമാണു എൻെറ അഭിപ്രായം. അങ്ങനെ ചെയ്താൽ അഞ്ചെട്ടു കൊല്ലം കഴിഞ്ഞിട്ടെങ്കിലും കാളേജ് വിദ്യാഭ്യാസം നടത്തുന്ന കുറെ ആളുകളെയെങ്കിലും കുറവർ സമുദായത്തിൽ കാണുവാൻ കഴിയും. പെൺകുട്ടികളുടെ വിദ്യാഭ്യാസസൗകൎയ്യത്തെ പററി ഇവിടെ ചിലർ പറയുകയുണ്ടായി. കുറവസമുദായത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസതോതു് വളരെ വളരെ താഴ്ന്നു കിടക്കുകയാണു്. ആ നിലയും ഉയൎത്തേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഹൈസ്കൂളുകളിലും മററു സ്കൂളുകളിലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ട സകല സൗകൎയ്യങ്ങളും ഗവമ്മെൻറും അവശസമുദായസംരക്ഷകൻ അവർകളും ചെയ്തുതരണമെന്നു അപേക്ഷിക്കുന്നു.

MR. K. KUNJU PANICKAR: സർ, പിന്നോക്ക സമുദായത്തെ സംബന്ധിച്ചു ഇപ്പോഴത്തെ ഭരണാധികാരിക്കുണ്ടായിരിക്കുന്ന ശ്രദ്ധ മററു് ഏതു കാലത്തേക്കാളും കൂടുതലായിട്ടാണു ഉള്ളതു് എന്നെല്ലാവൎക്കും അറിയാം. ഇപ്പോഴത്തെ പിന്നോക്കസമുദായ സംരക്ഷകനെ സംബന്ധിച്ചും അദ്ദേഹം പിന്നോക്ക സമുദായങ്ങൾക്കു വേണ്ടി ചെയ്യുന്ന സ

[Mr. K. Kunju Panickar.]

സഹായങ്ങളെ സംബന്ധിച്ചും എനിക്കു അൽപ്പം നേരിട്ടു തന്നെ അറിവുണ്ട്. വിവിധ വിഭാഗങ്ങളിൽപ്പെട്ട പിന്നോക്ക സമുദായങ്ങളുടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംഘടനയുമായി എനിക്കു സാരമായ ബന്ധമുള്ളതുകൊണ്ട് തൽസംബന്ധമായ കാര്യങ്ങളിൽ ഇന്നത്തെ അവശസമുദായസംരക്ഷകനും ഞാനുമായി സമ്പർക്കപ്പെടുവാനുള്ള സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. പിന്നോക്കസമുദായ സമുദ്ധരണത്തിനു ഞങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ള എല്ലാ കാര്യങ്ങളെയും അദ്ദേഹം കാര്യമായി ശ്രദ്ധിക്കുകയും അർഹതയും കഴിവുമുള്ള എല്ലാ സഹായങ്ങളും കഴിയുന്നതും വേഗത്തിൽ അദ്ദേഹം ചെയ്തു തരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു അദ്ദേഹത്തെപ്പററി നിഷ്പക്ഷനിലയിൽ എനിക്കു പറയുവാനുള്ളത് വളരെ യോഗ്യതയായ നിലയിൽ അദ്ദേഹം സ്വകൃത്യനിർവഹണം ചെയ്യുന്നു എന്നുള്ളതാണ്. അദ്ദേഹത്തിന്റെ സ്വാധീനത്തിലുള്ള പരിമിതമായ പണം വിനിയോഗിച്ചു കാര്യക്ഷമമായി ഇതിൽ കൂടുതൽ ഭംഗിയായി പ്രവർത്തിക്കുവാൻ മറെറാരുദ്യോഗസ്ഥനെക്കൊണ്ട് സാധിക്കുമോ എന്നുകൂടി സംശയമാണ്. വടക്കൻ തിരുവിതാംകൂറിൽ ഉള്ള അവശസമുദായാംഗങ്ങൾക്കു വിദ്യാഭ്യാസപരമായി സഹായങ്ങൾ നൽകുവാനായി അവിടെ ഒരു ഹോസ്റ്റൽ ഏർപ്പെടുത്തണമെന്നുള്ള കാര്യം ഞങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഉടൻതന്നെ അദ്ദേഹം വടക്കൻ തിരുവിതാംകൂറിൽ കോട്ടയം സെൻററായിട്ടും തെക്കൻ തിരുവിതാംകൂറിൽ നാഗർകോവിൽ സെൻററായിട്ടും ഓരോ ഹോസ്റ്റൽ ഈ സ്കൂൾ വർഷത്തിൽ ഉപയോഗിക്കത്തക്ക വിധം ഏർപ്പെടുത്തുകയും ചെയ്തു. ഏററവും യോഗ്യനായ ഒരു ഉദ്യോഗസ്ഥനാണ് ഇന്നത്തെ അവശസമുദായ സംരക്ഷകനെന്നു എനിക്കു ധൈര്യമായി പറയുവാൻ കഴിയും.

MR. P. VIVEKANANDAM: Sir, listening to the remarks made by the honourable member, Mr. Kochukunju, the mover of the cut motion, I am reluctantly constrained to make these observations. Criticisms both vituperative and laudatory have been pouring forth from certain members regarding the activities of the Protector of Backward Communities. But I can say from the very outset that his attitude towards the backward communities in general has been very satisfactory. Mr. Kochukunju has been alleging that the Protector has torn away a certain letter by way of recommendation to the Protector of Backward Communities. But I do not know whether Mr. Kochukunju was actually present on the occasion or whether he actually narrated the version of the student who took the letter. Now, Sir, it was pointed out by Mr. Kochukunju that a man who has proper knowledge of the members of the Backward Communities and their needs must be

appointed as Protector of Backward Communities. I can assure you, Sir, and the honourable members that Mr. Poduval, having a wide knowledge of things and matters, and having come across the needs and wants of the backward communities in general—I doubt whether there will be anything in his actions which will jeopardize the interests of the backward communities. Under the able guidance of a noble Dewan whose intellectual equipment if intrinsically viewed is infinitely superior to many of his predecessors, I think the interests of the backward communities will not in any way be stunted. Here again, as in the case of other departments, the Dewan himself is directing the department. While doing so, let me allude to certain other aspects which deserve attention in this connection.

Mr. Poduval had occasion to come to Karkad, a villege near Suchindram. While there, he went into every hut and saw every man and woman in order to know their conditions. He entered every house, though untidy in certain cases, and took pains to enquire about their income, mode of living and so many other things. In the light of these things, if you say that the protector is a man who does not know the needs and wants of the people, it is something far from satisfactory. Again as regards the educational concessions extended by Government, I think he holds the scale even between the various communities.

PRESIDENT: On the whole I do not think it is necessary to recommend any one to Protector of the Backward Communities. If any complaint against him reaches Government, Government will go into it most meticulously. So far as Government have not received any complaint, let us confine ourselves to particular recommendations which honourable members have in view.

MR. P. VIVEKANANDAM: As regards educational concessions, books and stipends are being given to them. But for this sympathetic attitude towards the backward communities, I doubt whether he would have taken this action. *(President's Bell.)*

PRESIDENT: The honourable member need not travel over personal allegations which have not been received by Government. But if there are any specific allegations which the honourable member might deal with now, he may do so. Otherwise he might claim notice.

MR. R. VASUDEVA PODUVAL: സർ, ബഹുമാനപ്പെട്ട മെംബർ മി. കൊച്ചുകുഞ്ഞു കൊണ്ടുവന്നിട്ടുള്ള ഖണ്ഡനോപക്ഷേപത്തെപ്പററി എനിക്കു രണ്ടു വാക്കു പറയുവാനുണ്ടു്. ബഹുമാനപ്പെട്ട മെംബർ പ്രതിനിധീകരിക്കുന്ന സമുദായം പിന്നോക്കസമുദായസംരക്ഷണ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളുടെ പട്ടികയിൽ പെട്ട ഒന്നല്ല എന്നു് ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. അങ്ങനെ പിന്നോക്ക സമുദായ സംരക്ഷണ വകുപ്പിൻെറ പട്ടികയിൽ പെടാത്ത സമുദായങ്ങൾക്കു് പിന്നോക്ക സമുദായങ്ങൾക്കു നീക്കിവച്ചിട്ടുള്ള...

MR. D. C. JOSEPH: May I know from the honourable member the population of the Varnava community?

MR. R. VASUDEVA PODUVAL: Sir, I claim notice. ബഹുമാനപ്പെട്ട മെംബർ പ്രതിനിധീകരിക്കുന്ന സമുദായം പിന്നോക്ക സമുദായത്തിൽപ്പെടാത്തിടത്തോളം കാലം പിന്നോക്ക സമുദായ സംരക്ഷണവകുപ്പിൽ വച്ചിട്ടുള്ള തുകയിൽ നിന്നും എന്തെങ്കിലും ആനുകൂല്യം ചെയ്യാൻ എനിക്കു ശക്തിയുണ്ടാവുകയില്ല. അങ്ങനെ ചെയ്യുന്നതു് നീതിക്കും ന്യായത്തിനും സത്യത്തിനും വിരുദ്ധമാണ്. അങ്ങനെയുള്ള ഒരു സമുദായത്തിൽപെട്ട ഒരാളിന് ആനുകൂല്യം ചെയ്തുകൊടുക്കുന്നതിനു ശുപാർശയും കൊണ്ടു വരുമ്പോൾ, അതുകൊണ്ടു പ്രയോജനമുണ്ടാകുന്നില്ലെന്നു കണ്ടാൽ അതിൽ ബഹുമാനപ്പെട്ട മെംബർക്കു് പരിതാപമൊ സഹതാപമൊ കാലുഷ്യമോ തോന്നിയിട്ടുകാര്യമില്ല. ഇവിടെ ചില സമുദായങ്ങളിൽപെട്ട ചില അംഗങ്ങളുടെ പേരുകളെപ്പററി പറയുകയുണ്ടായി. ഒരു മി. കെ. ആർ. നാരായണന് ഒരു സ്പെഷ്യൽ കേസായിട്ടാണു ഹരിജനഹോസ്റ്റലിൽ പ്രവേശനം കൊടുത്തിട്ടുള്ളതു്. ഗവണ്മെൻറിന്റെ പ്രത്യേക ആർഡർ അനുസരിച്ചാണ് അങ്ങനെ ചെയ്തിട്ടുള്ളതും. അല്ലാതെ ആ വിദ്യാർത്ഥി പരവ സമുദായത്തിൽപ്പെട്ട എന്നുള്ളതുകൊണ്ടല്ലാ. പരവസമുദായം എന്നു പറയുന്നതു് ബഹുമാനപ്പെട്ട മെംബർ പ്രതിനിധീകരിക്കുന്ന വണ്ണവസമുദായത്തിൽപ്പെട്ടതായി ഞാനറിയുന്നില്ല. പട്ടികയിൽ വിവരിക്കുന്ന അവശസമുദായത്തിൽപ്പെട്ടവരും അർഹതയുള്ളവരുമായ വിദ്യാർത്ഥികൾ വരുമ്പോൾ ഗവണ്മെൻറു അവർക്കു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാറുണ്ടു്. അപ്രകാരം ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാതിരുന്നതായി ഒരു പരാതിയും ഇതുവരെ എനിക്കു ലഭിച്ചിട്ടില്ല. അവശസമുദായ വകുപ്പിനെ നിയന്ത്രിക്കുവാൻ ഒരു ഉപദേശകസമിതി വേണമെന്നു ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി. ഈ വകുപ്പിനെ ഉപദേശിക്കുവാൻ ഇപ്പോൾ ഒരു ഉപദേശകസമിതി ഉണ്ടു്. ബഹുമാനപ്പെട്ട മെംബർ അതിൽ ഒരു മെംബറാണെന്നു സദയം സ്മരിക്കുമല്ലോ. ഹരിജനോദ്ധാരണത്തിനു ഒരു ഫുൾടൈം ആഫീസറൊ ഒരു ഹാഫ്ടൈം ആഫീസറൊ ആരായാലും തരക്കേടില്ലാ; ജോലി ചെയ്യാൻ ഉൽസാഹവും ആത്മാർത്ഥതയും സ്വഭാവശുദ്ധിയും ഉള്ള ആളിനെകിട്ടുവാനാണു വിഷമം. ആളുവില കല്ലുവില എന്നാണല്ലൊ പറയുന്നതു. അതുകൊണ്ടു സ്വഭാവശുദ്ധിയും സ

ർത്ഥ്യവും ന്യായവും യോഗ്യതയും ഉള്ള ഒരാളിനെ കിട്ടിയാൽ അദ്ദേഹത്തെ അവശസമുദായസംരക്ഷണജോലി ഏല്പിക്കുവാൻ ഗവൺമെന്റു സസന്തോഷം തയ്യാറാണ്.

PRESIDENT: Before putting this motion to vote, I wish to say a few words. I deplore that any statements should have been made by way of a personal attack in a matter which does not admit of such attack. If the honourable member, Mr. Kozhu Kunju, recommended for admission into a hostel a person not coming within the communities rightly or wrongly included in the list of backward communities by Government it was an improper recommendation. However improper the recommendation was, I take it that the Protector of Backward Communities, like other officers of the State, ought to have given due regard to politeness and decorum of ordinary life. If he had fallen away from such standards, as was the suggestion made by the honourable member, that matter should have been very pointedly brought to the notice of Government; because the conduct of Government servants *vis a vis* the public, reflects upon the character of the Government and any lack of politeness or courtesy will, so long as I shall occupy this Chair, be regarded by me as a personal humiliation and a slight offered to the Head of the Government.

A great deal was said about the personal aspects of the matter and whether a particular Protector of Backward Communities is fulfilling his duties satisfactorily or otherwise. Let me make it pointedly clear to this House that if Government could secure one from the ranks of the backward communities possessing the necessary equipment, talents, enthusiasm and organising capacity, Government would have no hesitation in selecting him as a proper Head of the Department. That would be the policy which would guide the Government. Government are glad to observe that amongst these communities there are coming up young men of special talents. Let us hope that the time will soon come when they themselves will administer the Department intended for their benefit.

Having said that, let me say this, There is no substance in the contention that Mr. Poduval is doing other duty, and therefore he is unable to or unwilling to discharge or incapable of discharging his duties as Protector. His work is mainly that of an Archaeologist. As an Archaeologist, he has to go to the various corners of the State, the highways and byways, the many nooks and corners. It was considered by Government that there was no essential incongruity or inappropriateness in a person discharging those duties combining the duties of the Protector of Backward Communities, whose work also takes him to every corner of the country. It is not my usual habit, as Head of the Administration, to distribute praises lavishly. But, I am, having regard to the attack that has been levelled upon Mr. Poduval, not only entitled, but obliged to say that the Government have found in him a faithful and a zealous servant.

The motion was, by leave, withdrawn.

Motion 275.

MR. N. NARAYANA KURUP: സർ, ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

"To reduce the total allotment of Rs. 62,238 under Demand XXIII by Rs. 10

To point out the necessity of establishing more colonies for the backward communities at least one in every taluk and urge for free education of the students of those communities.

സർ, അവശസമുദായാംഗങ്ങൾക്ക് ഓരോ താലൂക്കുകളിലും ഓരോ കാളനികൾ വീതം സ്ഥാപിക്കുന്നതിനും പുറമേ അവരുടെ വിദ്യാഭ്യാസം സൌജന്യമായി നടത്തണമെന്നുള്ള കാര്യംകൂടി പ്രതിപാദിക്കുന്നതിന്നാണു ഈ ഉപക്ഷേപം ഞാൻ ഇവിടെ ഹാജരാക്കുന്നത്. അവശതയനുഭവിക്കുന്നതായി മണ്ണാൻ, വേലൻ, പതിയൻ തുടങ്ങി പല വിഭാഗക്കാർ ഈ നാട്ടിലുണ്ടെങ്കിലും ഏററവും അവശതയനുഭവിക്കുന്ന പറയർ, കുറവർ, പുലയർ ഈ മൂന്നു സമുദായങ്ങളുടേയും കാര്യത്തെപ്പററി പറയണമെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഗവണ്മെൻറിൻെറ ക്രമപ്രവൃദ്ധമായ പ്രവൃത്തികൾകൊണ്ടു ഈ സമുദായങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെങ്കിലും അവർക്കു ചെയ്യുന്നതായ സഹായം കുറേക്കൂടി കൂടുതലായി മററു സമുദായങ്ങളിലേ ജനങ്ങളോടൊപ്പം അവരേയും മനുഷ്യരാക്കിത്തീർക്കാൻ ഗവണ്മെൻറു കഴിയുന്നതെല്ലാം, മടിശ്ശീല മുറുക്കിക്കെട്ടാതെ ചെയ്യണമെന്നാണു എൻെറ അഭിപ്രായം. അമ്പലപ്പുഴ, ചേർത്തല ഈ രണ്ടു താലൂക്കുകളിലെ സ്ഥിതിയെപ്പററി ഏതാനും സംഗതികൾ വിവരിക്കാമെന്നു ഞാനുദ്ദേശിക്കുന്നു. നമ്മുടെ അധഃകൃതസംരക്ഷകനാണെങ്കിൽ നടപ്പിലോ, സംസാരത്തിലോ, കാര്യത്തിലോ യാതൊരു ഉദ്യോഗപ്രതാപവും കാണിക്കാത്ത ഒരാളാണ്. അങ്ങനെയുള്ള ഒരുദേഹത്തെക്കുറിച്ച് അസുഖകരമായ ചില വാദങ്ങൾ ഇവിടെ നടന്നു. ദിവാൻപ്രസിഡൻറു അവർകളുടെ ഈ ഭരണകാലത്ത് യാതൊരു അവശസമുദായങ്ങളോടും പക്ഷപാതംകൂടാതേയും നീതി അനുസരിച്ചും അദ്ദേഹം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന അഭിപ്രായക്കാരനാണ് ഞാൻ. കഷ്ടകാലംകൊണ്ടോ, അവിടത്തെ വല്ല സംഗതിയും ചെയ്താൽ പരാതിയുണ്ടാകുമെന്നു ശങ്കിച്ചോ, പല പ്രാവശ്യവും, അമ്പലപ്പുഴയിലേ ഒരു സംഗതിയെപ്പററി ആ നാട്ടുകാരനായ അദ്ദേഹത്തോടു പറഞ്ഞതിൽ ഇതുവരെ യാതൊന്നും പ്രവർത്തിച്ചിട്ടില്ല എന്ന പരാതിയാണ് എനിക്കു

ള്ളൂ. ആ താലൂക്കിൽ വെള്ളത്താൽ ചുററപ്പെട്ട ഏഴു പകുതികളുണ്ട്. ആറുമാസവും വെള്ളത്തിനടിയിലാണ് ഈ സ്ഥലങ്ങൾ കിടക്കുന്നതു്. ഇവർക്കു താമസിക്കുന്നതിനു ഏററവും താഴ്ന്ന പുരയിടമേ കിട്ടുകയുള്ളു. ഇത്രയും താഴ്ന്ന സ്ഥലത്തു താമസിക്കുന്നകാര്യം വളരെ പ്രയാസമാണ്. എന്നാൽ അവിടെ താമസിക്കുന്ന അവശസമുദായങ്ങൾക്ക് വർഷകാലങ്ങളിൽ സഞ്ചരിക്കുന്നതിന് ഒരു വള്ളംപോലുമില്ല. വെള്ളപ്പൊക്കകാലത്തു ഈ സാധുക്കൾക്ക്, പുരകളിൽപോലും താമസിക്കാൻ നിവ്വാഹമില്ല. വള്ളമാണെങ്കിൽ സ്വന്തമായിട്ടില്ലതാനും. അവർ അനുഭവിക്കുന്ന ദുരിതങ്ങൾ കണ്ടറിയേണ്ടതാണ്. അവരുടെ ജീവിതം മുഴുവൻ, അവർ താമസിക്കുന്ന സ്ഥലങ്ങളുടെ ഉടമസ്ഥന്മാരേ ആശ്രയിച്ചാണിരിക്കുന്നതു്. അതുകൊണ്ട് കൂലിക്കുപോലും വഴക്കുപറയാൻ അവർക്കു നിവൃത്തിയില്ല. നെടുമുടി എന്ന സ്ഥലത്ത് അഞ്ചു് ഏക്കർ സ്ഥലം വെറുതേ കിടപ്പുണ്ട്. ആററരികിൽ പുരയിടമായിക്കിടക്കുന്ന ആ സ്ഥലം നിരുപയോഗമായിക്കിടക്കുന്നു. അതു് ദേവസ്വംവക സ്ഥലമാണെന്നു് പറയുന്നു. ''ആ സ്ഥലത്ത് ൧൦൦ കുടികളോളം ഉണ്ടാക്കാൻ സൗകര്യമുണ്ട്. ആ സ്ഥലത്ത് ഒരു കാളനി ഉണ്ടാക്കി അവിടെ താമസിക്കുന്നവക്കാവശ്യത്തിനു ഒരു വള്ളവും ഗവർമ്മെൻറിൽനിന്നും കൊടുത്തു് ഈ സാധുക്കളെ രക്ഷിക്കണം. ഗവർമ്മെൻറു സ്ഥലം വിട്ടുകൊടുത്താൽ മതി. കൂടുതൽ പണം കൊടുക്കാൻ സൗകര്യമില്ലാത്തപക്ഷം കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനുള്ള ചെലവു പൊതുജനങ്ങളിൽനിന്നു നിർവ്വഹിക്കാമെന്നു ഞാൻ ഏൾക്കാൻ തയ്യാറാണ്. ഈ അഞ്ചു ഏക്കറിൽ രണ്ടേക്കർ സ്ഥലമെങ്കിലും ഈ അവശസമുദായങ്ങൾക്ക് വിട്ടുകൊടുത്തു കാളനിയുണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഹാജരാക്കുന്നു.

MR. R. VASUDEVA PODUVAL: സർ, ബഹുമാനപ്പെട്ട മെമ്പർ മി. നാരായണക്കുറുപ്പ്, പിന്നോക്കസമുദായങ്ങൾക്കു കൂടുതൽ കാളനികൾ വേണമെന്നു ആവശ്യപ്പെടുകയും അങ്ങനെ പറഞ്ഞ കൂട്ടത്തിൽ അമ്പലപ്പുഴയെ സംബന്ധിച്ചിടത്തോളം പിന്നോക്കസമുദായങ്ങളോടു സംരക്ഷകൻ വേണ്ടതുപോലെ പെരുമാറുന്നില്ലെന്നും പ്രസ്താവിച്ചു. അമ്പലപ്പുഴ പുറക്കാട് എന്ന സ്ഥലങ്ങളിൽ അവശസമുദായങ്ങൾക്കായി ൫൦ ഏക്കർ ഭൂമി ഗവർമ്മെൻറു നീക്കിവെച്ചിട്ടുണ്ട്. നെടുമുടിപ്രവൃത്തിയിൽ ദേവസ്വത്തിൻെറ അധീനതയിൽ ഉള്ള സ്ഥലം കൂടി എടുത്തു കാളനി സ്ഥാപിക്കണമെന്നു പറയുകയുണ്ടായി. ദേവസ്വം ഭൂമി കിട്ടാൻ പ്രയാസമായതുകൊണ്ട് അ

[Mr. R. Vasudeva Poduval.]

വിടെ ഒരു കാളനി സ്ഥാപിക്കാതിരുന്നിട്ടുള്ളതാണ്. പിന്നോക്കസമുദായങ്ങളുടെ ആവശ്യത്തിന് ഇപ്പോൾ സചിവോത്തമപുരം, പാറകോട്ട്, നരിക്കളം, വെളിയത്തുനാട്ട്, ഈ സ്ഥലങ്ങളിൽ കാളനികൾ സ്ഥാപിച്ചിട്ടുണ്ട്. അതിനും പുറമെ രാജാക്കമംഗലത്തു ൨൫ ഏക്കർ, ൪൨ സെൻറും ദർശനാംകോപ്പിൽ ൩൯ സെൻറും, കൃഷ്ണൻപുത്തൂർ ൧ ഏക്കർ ൩ സെൻറും, പുറക്കാട്ട ൫൦ ഏക്കറും, വെളിയത്തു് ൫൦ ഏക്കറും ഭൂമികൾ ഗവണ്മെൻറിൽനിന്നും അവശസമുദായങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. അതിനും പുറമേ ഇവരെ ഉദ്ദേശിച്ചു നിശാപാഠശാലകളും കുടിപ്പള്ളിക്കൂടങ്ങളും നടത്തിവരുന്നു. കൂടാതെ കുടിൽവ്യവസായം വികസിപ്പിക്കുന്നതിനുവേണ്ടി അവശസമുദായങ്ങളിൽനിന്നും മൂന്നു കുട്ടികളെ ഹാൻഡ്മെയിഡ്പേപ്പർ ഉണ്ടാക്കുന്നതിനുള്ള പരിശീലനത്തിനായി അയച്ചിട്ടുണ്ട്. ഈ തരത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ടു കാളനിയുടെ ഭാവി ഏററവും ശുഭകരമാണെന്നു എനിക്കു പ്രസ്താവിക്കാൻ കഴിയും.

MR. N. NARAYANA KURUP: സർ, ഗവണ്മെൻറു ഭാഗത്തുനിന്നും ലഭിച്ചതായ മറുപടി തൃപ്തികരമല്ലാതെയാണു കാണുന്നതു്. വെമ്പനാട്ടു കായലിൽ ൫൦ ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ടെന്നു പറയുന്നതുപോലെയുള്ള ഈ സമാധാനം കൊണ്ടു തൃപ്തിപ്പെടാൻ ഞാൻ തയ്യാറില്ല. വിട്ടുകൊടുത്ത സ്ഥലം താഴ്ചയുള്ള വെള്ളക്കെട്ടാണ്. അവിടെ കൃഷിചെയ്യാൻപോലും സാദ്ധ്യമല്ല. സാധുക്കൾ അതു നികത്തി താമസിക്കണമെങ്കിൽ സെൻറിനു കുറഞ്ഞതു് ഇരുപതു രൂപാ വേണം. അതിനിവർക്കു പണമില്ല. വല്ലവരുടെയും നിലങ്ങളിൽനിന്നും കട്ടു മോഷണം ചെയ്തെടുത്തു നികത്താമെന്നു വെച്ചാൽ അടികൊണ്ടു പുറം പൊളിഞ്ഞുപോകും. ദേവസ്വം സ്ഥലമാണെങ്കിലും ഗവണ്മെൻറു വിചാരിച്ചാൽ കിട്ടും. ആ സ്ഥലം വിട്ടുകൊടുത്തു കാളനിയുണ്ടാക്കാൻ ഗവണ്മെൻറിൻെറ ദയാദൃഷ്ടി പതിയണമെന്നപേക്ഷിച്ചുകൊള്ളുന്നു. ഉപാക്ഷേപം പ്രസ്സു ചെയ്യുന്നില്ല.

The question that Government be granted a sum of Rs. 62,238 under Demand XXIII—Uplift of Backward Communities, was put and carried.

The motion was passed and the grant was made.

DEMAND—XXIV - MEDICAL.

DR. S. JOHN: I move for a grant of Rs. 13,05,995 under Demand XXIV—Medical.

MR. PULIYOOR T. P. VELAYUDHAN PILLAI: I move for the reduction of Re. 1 from the allotment of Rs. 2,200 for travelling allowance.

PRESIDENT: Order, order. I am suggesting for the consideration of this honourable House, that after the members take up some motion on the deduction of the total grant, and when about half a dozen or so of them have spoken, having regard to the exigencies of the time, we may get through the Medical and Public Health Departments. I am perfectly prepared, if honourable members see no objection, to give half an hour or even 40 minutes to Allopathy, 20 minutes to Ayurveda, etc. We might start with Mr. Narayana Pillai's motion on the total grant and go ahead. Would that meet the wishes of the House generally?

It was unanimously agreed.

PRESIDENT: Order, order. The cut motion now before us, is to discuss the working of the department. Mr. T. P. Velayudhan Pillai will speak and other honourable members will put forward their points of view.

MR. PULIYOOR T. P. VELAYUDHAN PILLAI: സർ, ധർമ്മരാജ്യമെന്നറിയപ്പെടുന്ന നമ്മുടെ രാജ്യത്തിന്റെ സൽകീർത്തി സംരക്ഷിക്കുന്നതിനും ക്രമപ്രവൃദ്ധമാക്കുന്നതിനും വേണ്ടി ഗവൺമെൻറു അനവരതം അനസ്യൂതമായി പ്രവൃത്തിക്കുന്നുണ്ടെന്നു ഞങ്ങൾക്കെല്ലാം ബോധ്യമുണ്ട്. ഇങ്ങനെയുള്ള ഈ ധർമ്മരാജ്യത്തു ഗവൺമെൻറു ആസ്പത്രികളിൽനിന്നും രോഗാതുരക്കു വൈദ്യസഹായത്തിനു നൽകുന്ന ഔഷധങ്ങളുടെ വില വാങ്ങുന്ന പദ്ധതികൊണ്ട്, രാജ്യത്തിന്റെ യശസ്സിനുതന്നെയും കളങ്കം സംഭവിക്കുകയില്ലയോ എന്നു ബലമായി സംശയിക്കുന്നതുകൊണ്ടാണ് ഈ ഖണ്ഡനോപക്ഷേപത്തെ അവതരിപ്പിക്കുന്നതിനു ഞാൻ നിർബന്ധിതനായി തീർന്നിട്ടുള്ളത്. ഗവൺമെൻറിൽനിന്നും അടുത്ത വർഷത്തെ ബഡ്ജറ്റിൽ പബ്ലിക്ഹെൽത്തു വകുപ്പിലേക്കു—൩,൩൪,൧൦൭ രൂപായും ആയുർവേദത്തിനു ൨,൦൧,൪൮൭ രൂപായും മെഡിക്കൽ വകുപ്പിന് ൨൩,൬൩,൦൮൭ രൂപായും ഉൾപ്പെടുത്തി കാണുന്നു. ഇങ്ങനെ അടുത്ത വർഷത്തിൽ ആകെ ൨,൧൪,൬൮൭ രൂപാ തിരുവിതാംകൂർ നിവാസികളുടെ ആരോഗ്യസംരക്ഷണാർത്ഥം വൈദ്യസഹായത്തിനു നീക്കിവച്ചിരിക്കുന്നതായി ബഡ്ജററിൽനിന്നും വിശദമാകുന്നുണ്ട്. ഇത്രയും സംഖ്യ ഗവൺമെൻറിൽനിന്നും ചെലവു ചെയ്യുന്നതു് ഈ രാജ്യത്തിലെ പ്രജകളുടെ സുഖത്തിനും ക്ഷേമത്തിനും വേണ്ടിയാണെന്നു ഞങ്ങൾക്കറിയാം. ഈ സ്ഥിതിയ്ക്കു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഏററവും നാമമാത്രമായ ഒരാദായം വാങ്ങുന്നതിനുള്ള പദ്ധതികൂടി ഇപ്പോൾ അനുവർത്തിച്ചു വരുന്നതു് എന്തിനാണെന്നു ശരിയായി മനസ്സിലാകുന്നില്ല. ഈ പദ്ധതി മുഖേന ഗവൺമെൻറിലേക്ക് ൨൨,൬൯൦ ലഭിച്ചിട്ടുള്ള മൊത്താദായം ൩,൮൧൧ രൂപാ മാത്രമാണ്. ഈ ഇന

[Mr. Puliyoor T. P. Velayudhan Pillai.]

ത്തിൽ ൧൧൧൭-ൽ പ്രതീക്ഷിച്ചിട്ടുള്ള സംഖ്യ കേവലം ൪,൬൦൦ രൂപാ മാത്രമാണ്. ഇപ്രകാരം ഏററവും നാമമാത്രമായ ആദായം മാത്രമേ കിട്ടുന്നുള്ളു എന്ന സംഗതിതന്നെ ഈ പദ്ധതി അവസാനിപ്പിക്കുന്നതിനു മതിയായ കാരണമാണ്. ഇതിനും പുറമേ ഈ പദ്ധതിയുടെ പ്രായോഗികമായ വശം നോക്കുമ്പോൾ അധികാരികളിൽ ചിലരുടെ കനയം നിമിത്തം പല വിധത്തിലുള്ള അനാശാസ്യസംഭവങ്ങൾക്കും പൊതുജനങ്ങൾക്കു കഷ്ടപ്പാടിനും ഇതു സൌകര്യം നൾകുന്നുണ്ട്. പ്രതിമാസം ൫൦ രൂപായിൽ കൂടുതൽ ആദായമുള്ളവരാണ് ഔഷധവില ആശുപത്രികളിൽ കൊടുക്കണമെന്നു വച്ചിരിക്കുന്നത്. ഈ നിയമത്തെ മനഃപൂർവ്വമായും അല്ലാത്തവിധത്തിലും ജനസാമാന്യം ധാരാളം ലംഘിക്കുന്നുണ്ട്. അങ്ങനെയുള്ള കാര്യങ്ങളിൽ പല ആശുപത്രികളിലേയും ഭരണാമേധാവികൾ നിർബന്ധിതവ്യവസ്ഥയെ ലംഘിച്ചു ഔഷധവില കൊടുക്കാതെ കഴിക്കുന്നതിനു രോഗികൾക്കു വേണ്ട സഹായങ്ങളും മാർഗ്ഗങ്ങളും നൾകുന്നുമുണ്ട്. ചുരുക്കി പറയുകയാണെങ്കിൽ ഇതിന്റെ പ്രവർത്തനം ആശാസ്യമായ രീതിയിലല്ല നടക്കുന്നത്. രണ്ടാമതായി ഇപ്രകാരം ഗവണ്മെന്റിലേക്കു ചെല്ലേണ്ട ആദായത്തെ ന്യായരഹിതമായി അപഹരിക്കുന്നതിനുള്ള സൌകര്യമുണ്ട്. തിരുവിതാംകൂർ മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഒരു ആശുപത്രിയിലെ ചാർജ്ജു വഹിച്ചിരുന്ന ഒരു ഉദ്യോഗസ്ഥൻ, ആ ആശുപത്രിയിലേ കുപ്പികൾ ലേലം ചെയ്തു പണമാക്കി, കുറേ വർഷങ്ങൾക്കു മുമ്പ് അപഹരിച്ചതായി ഒരു കേസ്സ് ഉണ്ടായിട്ടുണ്ട്. കേവലം നാമമാത്രമായ സംഖ്യ അപഹരിക്കുന്നതിനു ശ്രമിച്ച ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള അനുഭവങ്ങൾ കാണുമ്പോൾ ഈക്കാര്യത്തിലും അനാശാസ്യമായ സംഭവങ്ങൾക്ക് മാർഗ്ഗമില്ലയോ എന്നു ഞാൻ ശങ്കിക്കുന്നു. ഔഷധം വാങ്ങുന്ന രോഗിക്കു പ്രതിമാസം ൫൦ രൂപായിൽ കൂടുതൽ വരവുണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ആ രോഗിയുടെ പ്രസ്താവനതന്നെ മരുന്നിന്റെ വില കൊടുക്കണമോ വേണ്ടയോ എന്നു വിധിക്കുന്നതിനുള്ള തോതായി സ്വീകരിക്കുമെങ്കിൽ ബാദ്ധ്യതയിൽനിന്നും ഒഴിയാനുള്ള മാർഗ്ഗം സ്വീകരിക്കുന്നതും അപൂർവ്വമായ സംഭവമെന്നു വിചാരിക്കാൻ കാരണം കാണുന്നില്ല. ഡാക്ടേഴ്സുകളായവർ മനസ്സാക്ഷിയെ അവസരത്തിനും ആവശ്യത്തിനും പററിയ നിലയിൽ കുറെയൊക്കെ വ്യതിചലിപ്പിക്കുന്നതിനു വലിയ വിസമ്മതം സാധാരണ

പ്രദർശിപ്പിച്ചു കാണുന്നില്ലാ. ചുരുക്കി പ്രസ്താവിക്കുകയാണെങ്കിൽ ഈ പദ്ധതി ഒരിക്കലും നമ്മുടെ രാജ്യത്തിൻെറ സൽകീർത്തിക്കു അനുയോജ്യമല്ല.

വേറൊരു കാര്യം എനിക്കു ഗവണ്മെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരാനുണ്ട്. ൧൧൦൨-ലെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടിലെ ൨൬, ൨൭-ം വശങ്ങൾ നോക്കുമ്പോൾ ചെങ്ങന്നൂർ ഡിസ്പെൻസറിയിൽ ദിവസംപ്രതി ശരാശരി വരുന്ന രോഗികളുടെഎണ്ണം ൩൮൭.൦൧ ആണെന്നു കാണുന്നു. എന്നാൽ പ്രാധാന്യമുണ്ടെന്നു സാധാരണ സങ്കല്പിക്കാറുള്ള ൧൦ ആശുപത്രികളിൽ ഇതിൻെറ പകുതിപോലും രോഗികൾ പ്രതിദിനം വരുന്നില്ല എന്നു കാണുന്നുണ്ട്. ൧ കൊല്ലത്തെ ഭരണറിപ്പോർട്ടു ഗവണ്മെൻറു സദയം നോക്കുകയാണെങ്കിൽ ഒരിക്കലും ചെങ്ങന്നൂർ ആശുപത്രിയിൽ ദിവസംപ്രതി വരുന്ന രോഗികളുടെ ശരാശരി സംഖ്യ ൩൮൭-ൽ കുറവല്ലെന്നു കാണാൻ കഴിയും. ആ ആശുപത്രിയിൽ ഇപ്പോൾ ഒരു ഡാക്ടർ മാത്രമേ ഉള്ളു. അവിടെ ഒരു അസിസ്റ്റൻറുകൂടി ഇല്ലാത്തതുകൊണ്ട് അവിടത്തെ ജോലികളുടെ ഫലപ്രദമായ നിർവഹണത്തിനു സ്വാഭാവികമായ പ്രതിബന്ധവും ഹാനിയും സംഭവിക്കുന്നുണ്ട്. ഇക്കാര്യത്തിൽ അവിടത്തെ ജനങ്ങൾക്കു വളരെ സങ്കടമുണ്ട്. ഈ കാര്യം ഗവണ്മെൻറിൻെറ ദയാദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷത്തെ കണക്കു നോക്കുകയാണെങ്കിൽ ആ ആശുപത്രിയിൽ ദിവസേന ശരാശരി ൪൭൦-ൽ കൂടുതൽ രോഗികൾ വന്നിട്ടുള്ളതായി കാണുന്നുണ്ട്. ഒരു ദിവസം ശരാശരി ൩൮൭ രോഗികൾ വരുന്നതായി കണക്കാക്കുക. ഓരോ രോഗികളേയും പരിശോധിക്കുന്നതിനു രണ്ടുമിനിട്ടുവീതം എടുത്താൽ തന്നേയും ൧൩ മണിക്കൂർ വേണ്ടിവരും. ഒരു ഡാക്ടരേക്കൊണ്ട് ഇതു എത്രകണ്ടു സാധിതപ്രായമാകും. ഗവണ്മെൻറു ദയവായി ഏററവും വേഗത്തിൽ അവിടെ ഒരു അസിസ്റ്റൻറിനെക്കൂടി അനുവദിച്ചുകൊടുക്കണമെന്നപേക്ഷിക്കുന്നു. വിശേഷിച്ചും ചെങ്ങന്നൂരിൽ പൊതുജനങ്ങളുടെ വകയായി ധാരാളം പണം ചെലവു ചെയ്തു വളരെ ഭംഗിയായും, വിശാലമായും, എല്ലാ സാമഗ്രികളോടുകൂടിയും സചിവോത്തമഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ മെററർണിററി വാർഡ് പൂർത്തിയാക്കിയിരിക്കുന്നു. നൂതനമായി ഗവണ്മെൻറുവിശാലമായ ആശുപത്രികെട്ടിടം പണികഴിപ്പിച്ചിരിക്കുന്നു. ഈ അവസരത്തിൽ ഒരു അസിസ്റ്റൻറുകൂടി ചെങ്ങന്നൂർ ആശുപത്രിയിൽ വേണമെന്നുള്ള സംഗതി ബോധ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഗവണ്മെൻറിൻെറ ദയാദൃഷ്ടി പതിയണമെന്ന് അപേക്ഷിച്ചുകൊണ്ട്.

[Mr. Puliyoor T. P. Velayudan Pillai]

ഞാൻ അവസാനിപ്പിക്കുന്നു. നിവൃത്തിയുള്ളപക്ഷം കൂടുതലായി നിയമിക്കപ്പെടുന്ന അസിസ്റ്റൻറു ഒരു ലേഡി ഡാക്ടരായിരുന്നാൽ മെറേറർണിററി വാർഡുകൊണ്ടുള്ള പരിപൂർണ്ണമായ പ്രയോജനം അവിടത്തെ പൊതുജനങ്ങൾ അനുഭവയോഗ്യമാക്കുന്നതിനു കൂടുതൽ സഹായകരമായിരിക്കുന്നതാണെന്നുകൂടി ഈ അവസരത്തിൽ ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

MR. N. NARAYANA KURUP: May I know whether honourable members may speak on this motion?

PRESIDENT: The idea is that, on account of the exigencies of time, I have adopted a method, with the consent of the House, which used to be the former method. In other words, on a token grant, a member could speak on any subject and the answer would be given comprehensively. Therefore, if honourable members want to speak on matters not relating to Chengannur District Dispensary, they may certainly do so.

MR. M. L. JANARDANAN PILLAI: Sir, in connection with the budget of the Medical Department I have had on more than one occasion the privilege of bringing to the notice of the House and Government, the various measures that were necessary for improving the working of the Medical Department. I heard in reply to those representations, that Government had under contemplation a comprehensive scheme to improve the Medical Department. One of these schemes is the appointment of District Medical Officers over particular groups of hospitals so that they may be controlled and inspected satisfactorily by the District Medical Officers. As such a system has already been introduced by Government, I take this opportunity to express my thanks to Government.

Two important facts have been largely responsible for contributing to the efficient working of the Medical Department during the last two years. One is the Shashtiyabdapurti of Sachivottama Sir C. P. Ramaswami Aiyar. This is mainly responsible for bringing into existence several excellent hospital buildings fully equipped, throughout the length and breadth of this country. Sir, in your various speeches you were exhorting the public to come forward in large numbers and make contributions for supplementing the efforts of Government towards improving the Medical Department. The result is that today throughout the State, we have a net-work of very fine hospitals with better accommodation and all amenities necessary for medical treatment. I can also say, Sir, that the Europeans of Alleppey town have come forward with commendable enthusiasm to contribute every day 24 bottles of milk, a good number of eggs and also kanji to all the poor inpatients of the hospital. Sir, that scheme was set on foot as a result of the advice given by you. I am also glad to say that the leading Indian citizens are now concerting measures for creating a fund for

providing the necessarywhere withal, so that, whatever is deficient in the hospital could be made good by public help. The contributions of the public along with the small allotments sanctioned by Government would go a great way to improve the situation. I trust that, in due course there will be private charities coming forward from all over the state to supplement the efforts of Government.

At the same time I have to point out that throughout the State there is shortage in equipment in the various hospitals and therefore considerable inconvenience is caused to the public. I beg to submit that buildings and equipment in the rural parts of the State are certainly far from satisfactory. They were constructed about 25 years ago and the arrangements made above are not of the modern type. In view of the increase of population and in view of the modern methods of treatment now in vogue a considerable change has to be made. It is a fact that the Government are making year after year increased contributions to the department which is a good sign of the attention bestowed by Government. I am very thankful to them in that respect. At the same time, I am also thankful that very efficient medical men have now been put in charge of the Government institutions so that the rush we were experiencing in former days, of the rush of inpatients for treatment in the hospitals of the adjoining States, has now stopped. Over and above this, there is a very efficient General Hospital run in Trivandrum and manned by experts. I also understand that the Surgeon-General is often going round the various places and finding out by surprise visits whether the doctors are properly doing their work and scrutinising their case sheets confidentially. But all these are not sufficient to meet the needs of Travancore is the point that I want to emphasise. Although it was at one time said of this country that this country was overflowing with milk and honey......

PRESIDENT: I do not know about honey but there is little milk in the country.

MR. M. L. JANARDANAN PILLAI: This country is not having healthy people like the people on the other side of the Ghats. Although hospitals have been increased in different parts of the State, some more amenities have to be provided for, for the convenience of the people, in order that these hospitals may be made still more useful and efficient.

MR. N. NARAYANA KURUP: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അമ്പലപ്പുഴയിലെ ഗ്രാമപ്രദേശങ്ങളിൽ ഇപ്പോഴും വൈദ്യസഹായം വളരെ കുറവായിട്ടാണ് ലഭിക്കുന്നത്. ഇതിനെ സംബന്ധിച്ച ധാരാളം എഴുത്തുകൾ എനിക്ക ലഭിച്ചിട്ടുണ്ട്. പുന്നപ്രയ്ക്കടുത്തു നീർക്കുന്നം എന്ന സ്ഥലത്തു കാളറാമൂലം ഈ മാസം ൧൦-൩-ക്കും ൧൫-൩-ക്കും ഇടയ്ക്കു ൪൨ മരണങ്ങൾ ഉണ്ടായിരിക്കുന്നു. പള്ളിക്കുന്നിലും ധാരാളമാളുകൾ ഈ രോഗം പിടിപെട്ടു മരിക്കുന്നുണ്ട്. ആ പ്രദേശങ്ങളിൽ ശരിയായ വൈദ്യസഹായം നൽകുന്നതിനു ഗവൺമെന്റിന്റെ ദയാദൃഷ്ടി പതിയണമെന്നു കാണിച്ചാണ് എനിക്ക എഴുത്തുകൾ ലഭിച്ചിരിക്കുന്നത്.

[Mr. N. Narayana Kurup]

നല്ല പൗരബോധമുള്ളവരും സാമാന്യം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുമായ ജനങ്ങളാണ് ഇപ്രകാരം എഴുതിയിരിക്കുന്നതു്. സർജൻജനറലിന്റെയും ഗവൺമെന്റിന്റെയും ദൃഷ്ടി ഈ വിഷയത്തിൽ പതിയണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ആലപ്പുഴക്കു മൂന്നുമൈൽ വടക്കു് ചെട്ടികാടു് എന്നൊരു സ്ഥലത്തു കടലോരത്തു വാടകക്കെട്ടിടത്തിൽ ഒരാശുപത്രി സ്ഥാപിച്ചിട്ടുണ്ടു്. മുമ്പു കലവൂർ സ്ഥാപിച്ചിരുന്നതായ ആശുപത്രിയെയാണ് അവിടെ മാററിയിരിക്കുന്നതു്. സഞ്ചാരസൗകര്യമില്ലാത്ത ഒരു പ്രദേശമാണതു്. ആ ആശുപത്രിയെ തിരികെ, കൂടുതൽ ജനബാഹുല്യവും സഞ്ചാരസൌകര്യവും ഉള്ള കലവൂരിലേക്കു മാററി സ്ഥാപിക്കാൻ കരുണയുണ്ടാകണമെന്നപേക്ഷിക്കുന്നു. അതിലേക്കു ആവശ്യമുള്ള സ്ഥലവും കെട്ടിടവും കൊടുക്കാൻ ആ സ്ഥലത്തുള്ള ജനങ്ങൾ തയ്യാറാണു്. അവർ ആപ്രകാരം സമ്മതിച്ചു അപേക്ഷയും അയച്ചിട്ടുണ്ടു്. മൂന്നാമതായി എനിക്കു പറയുവാനുള്ളതു് ആലപ്പുഴക്കു മൂന്നുമൈൽ വടക്കായി കായലോരത്തു കൊററൻകുളങ്ങര എന്ന സ്ഥലത്തു് ഒരാശുപത്രി സ്ഥാപിക്കുന്നതിനെ കുറിച്ചാണ്. സ്ഥിരമായി ഒരാശുപത്രി സാദ്ധ്യമല്ലെങ്കിൽ അവിടെ ആഴ്ചയിൽ നാലുദിവസമെങ്കിലും ഒരു Evening Dispensary സ്ഥാപിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. മുല്ലക്കൽ ആശുപത്രിയിൽനിന്നും ഡാക്ടർക്കും കമ്പൗണ്ടർക്കും ഇവിടെ വരാൻ എളുപ്പമാണു്. അതിലേക്കു ആവശ്യമായ കെട്ടിടവും പുരയിടവും നല്കാൻ സ്ഥലവാസികൾ തയ്യാറാണ്. സ്ഥലവും കെട്ടിടവും തയ്യാറാക്കി അപേക്ഷയും അയച്ചിട്ടുണ്ടു്. ആ പ്രദേശത്തു ഈ സൗകര്യം ചെയ്തു കൊടുക്കുകയും പുന്നപ്ര മുതലായ സ്ഥലങ്ങളിൽ പടന്നു പിടിച്ചിരിക്കുന്ന കാളറായുടെ നിവാരണാർത്ഥം വേണ്ടതു് ഉടനടി ചെയ്യുകയും, അമ്പലപ്പുഴ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കൂടുതൽ ഡാക്ടറന്മാരെ തല്ക്കാലത്തേക്കെങ്കിലും അയച്ചു് അവിടത്തെ ജനങ്ങളെ കാളറായിൽനിന്നു രക്ഷപ്പെടുത്തുകയും ചെയ്യണമെന്നു ഒന്നുകൂടി അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. M. R. NARAYANA PILLAI: Sir, whatever may be the idea of Government in the matter of reorganisation of the District Hospitals in the various District Headquarters of the State, I want to point out that there are other dispensaries in the State the needs of which should not on any account be neglected. I make particular mention of the District Dispensary in Thiruvella which is a very old institution. The very look at that building will show how old it is. The population of Thiruvella is over three and a half lakhs and I do not say that the new

dispensary at Chengannur will not relieve some of the pressure felt in the Dispensary at Tiruvella. Among the other hospitals which are earnestly waiting for a helping hand from Government, I must point out that Thiruvella also should receive some consideration. Therefore in these days when it is very difficult to get Alopathic drugs from outside, greater encouragement should be given to the Ayurvedic dispensaries and Ayurvedic practitioners in Travancore. There are many people in this country ready to give medical help but they have not the necessary funds to carry on that work in an efficient manner. The cases of such people should be taken in hand and whatever help is possible must be done. Poverty shall not be the criterion, but real efficiency in the matter of treatment.

MR. M. SIVATHANU PILLAI: Sir, இந்த டிபார்ட்மெண்டைக்குறித்து நானும் சில வார்த்தைகள் சொல்லிக்கொள்ளுகிறேன். அதாவது என்னவென்று கேட்டால், இந்த மெடிகல் டிபார்ட்மெண்டை கவர்மெண்டு எடுத்து நடத்தக்கூடாது. இந்த அபிப்பிராயத்தை நான் அடிக்கடி முன் சொன்னதும் உண்டு. அதும் இந்த சபையிலேதான். ஆனால் அதைக் கவர்மெண்டு ஆலோசனையில் எடுத்ததாக தெரியவில்லை. எல்லா பரிஷ்கார கவர்மெண்டுகளும் மெடிக்கல் டிபார்ட்மெண்டை கவர்மெண்டு டிபார்ட்மெண்டாக நடத்தக்கூடாது. ஒரு பரிஷ்கார இராஜ்யத்திலும், ஒரு பரிஷ்கார கவர்மெண்டிலும் மெடிகல் டிபார்ட்மெண்டு கவர்மெண்டு டிபார்ட்மெண்டாக இருப்பதாக எனக்குத் தெரியாது. அமெரிக்காவிலோ, இங்கிலாண்டிலோ, பிரான்ஸிலோ, இந்தமாதிரி மெடிக்கல் டிபார்ட்மென்டில்லை. ஆனால் இந்த இடங்களில் ஆசுபத்திரிகளும், வைத்தியர்களும், ஏராளமாக காணலாம். குடிஜனங்களிலேயே ஆஸ்பத்திரிகளை ஏற்படுத்தியிருக்கின்றனர். பொதுமக்கள் ஏராளமாய் பொருள் நன்கொடையாக கொடுக்கிறார்கள். அவ்விடங்களில் சரியானபடி சிகிச்சையும் நடந்து வருகிறது. ஆனால் நமது கவர்மென்டு ஆசுபத்திரிகளில் எப்பொழுதும் குறைகளைத்தான் காணமுடியும். எப்போதைக்கும் சரியானபடி மருந்துகள் கிடைப்பதில்லை, ஆஸ்பத்திரிகளில் நோயாளிகளை சரியானபடி பார்ப்பதில்லை. சரியாக போதுமானபடி படுக்கை வசதி (beds) கள் இல்லையென்றும் தெரியும். நாம் ஏராளமாக ஒவ்வொரு வருஷமும் இந்த டிபார்ட்மென்டுக்காகச் செலவு செய்கிறோம். ஆனால் ஜனங்களுக்கு போதிய அளவில் வைத்திய உதவி கிடைப்பதில்லை. அதனால் நான் சொல்லிக்கொள்வது—சகல மருந்துகளோடுகூடி, எல்லா முறைகளையும் கையாளத்தக்கபடியாகவும் சகல வைத்தியகருவிகள் (Apparatus) அதாவது X-Ray, Ambulance, முதலிய வசதிகளோடுகூடி (Fully equipped hospital) 4 அல்லது 5 ஸ்தாபனங்கள் நமது ராஜ்யத்தில் பிரதானயிடங்களில் ஸ்தாபித்தால் போதுமானதென்று நான் சொல்லிக்கொள்கிறேன். நான் முன்பு கூறியதுபோல் வைத்திய உதவிக்காக நமது கவர்மெண்டு ஏராளமாக பணம் செலவு செய்கிறது. நம் நாட்டிலுள்ள கிராமங்களில் வைத்தியம் படித்த மாணவர்கள் ஏராளமாகயிருக்கிறார்கள். அவர்களுக்கு பண உதவி அளித்து அவர்களிடம் "நீங்கள் இந்தந்த இடங்களிலிருந்து medical profession நடத்துங்கள்" என்று சொல்லி, அவர்களை

[Mr. M. Sivathanu Pillai]

மெடிகல்டிபார்ட்மெண்டு மேல் பார்வை செய்யவேண்டும். இந்தமாதிரி ஸ்கீம் வரும்பக்ஷத்தில் அது ரொம்ப நல்லது. ஸ்ரீமான் நாராயணக்குறுப்பு சொன்னார்—எங்கள் ஆஸ்பத்திரியில் மூன்று bedகள்தான் இருக்கின்றன. நான்காவது ஒரு நோயாளிவந்துவிட்டால், அவருக்கு வசதியில்லையென்றும், நோயாளிகளுக்குக் கஞ்சிகொடுக்கப்படுவதில்லையென்றும் சொல்கிற இந்தயிடத்தில், நான் சொன்னதுபோல் ஒரு ஸ்கீம் வருமானால் அது ரொம்ப உபகாரமாயிருக்கும். ஸ்ரீமான் டி. பி. வேலாயுதம்பிள்ளை அவர்கள் சொன்னார்கள். ஏதோ ஒரு கம்பௌண்டர் பாட்டில்களையெல்லாம் விற்று, அந்தப்பணத்தை எடுத்துக்கொண்டுவிட்டார், மருந்துகளுக்கு அதிக விலை வாங்குகிறார்கள் என்றார், அவர்களை உடனடியாய் கண்டுபிடித்து, அவர்களுக்குத்தக்கபடி சிட்சை அளிக்கவேண்டும். அவர்களை உடனடி இந்த ராஜ்யத்தை விட்டே ஓட்டவேண்டும். ஆனால் நான் சொன்ன முறையில் வைத்திய தொழிலை சீர்திருத்தி அமைத்துக்கொண்டுவரும் பக்ஷத்தில் மேல் சொன்ன குற்றங்களுக்கோ குறைகளுக்கோ இடம் வராததோடு, நோயாளிகளுக்கு ரொம்ப உபகாரவுமாகயிருக்கும். இதை இனிமேலாவது, கவர்மென்று ஆழ்ந்த ஆலோசனை செய்து முடிவுகட்டுவார்களென்று நம்புகிறேன்.

MR. K. R. NARAYANAN: സർ, വയ്ക്കത്തു ഏറിയകാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംഗതിയെ ഇപ്പോഴും ഗവൺമെൻറിൻെറ ശ്രദ്ധക്കു വിഷയീഭവിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്. എന്നാൽ അതു പറയുന്നതിനുമുമ്പായി, വെച്ചൂരിലും തലയോലപ്പറമ്പിലും കഴിഞ്ഞകൊല്ലത്തിൽ ആവശ്യപ്പെട്ടിരുന്ന സംഗതികൾ നിർവഹിച്ചുകാണുന്നതിൽ ബഹുമാനപ്പെട്ട ഗവൺമെൻറിനോടു നന്ദിപറഞ്ഞുകൊള്ളുന്നു. വയ്ക്കം താലൂക്കിൽ ഇക്കഴിഞ്ഞകൊല്ലത്തിൽ ൩൪൩൩ പ്രസവക്കേസുകളാണ് ഉണ്ടായിട്ടുള്ളതു്. അതിൽ ഗവൺമെൻറ് ആശുപത്രിയിലെ മിഡൈ്വഫിൻെറ മേൽനോട്ടത്തിൽ ൧൩൦൦ പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിലെ മിഡൈ്വഫിൻെറ മേൽനോട്ടത്തിൽ ൧൮൦൦ മെഡിക്കൽ ഡിപ്പാർട്ടുമെൻറുകാരുടെയും പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറുകാരുടെയും സഹായം കൂടാതെ നാട്ടിൻപുറങ്ങളിലുള്ള പതിച്ചികളുടെ ശുശ്രൂഷയിൽ ൩൧൮൩൦ പ്രസവങ്ങളാണു നടന്നിട്ടുള്ളതു്. ഈ ൩൧൮൩൦ പ്രസവക്കേസുകൾ യാതൊരു വിവരവുമില്ലാത്ത ഗ്രാമീണസ്ത്രീകളുടെ മേൽനോട്ടത്തിൽ ആണു നടന്നതെന്നു് ഓർക്കുമ്പോൾ ഈ അപകടകരമായ അവസ്ഥയെ ഗവൺമെൻറിനെ അറിയിക്കുന്നതിനുവേണ്ടിയാണ് ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നതു്. അതിൽ ഒരു പകുതിയിലെ സ്ഥിതിയെപ്പററി പരീക്ഷണാർത്ഥം കണക്ക് എടുത്തതിൽ വടയാർ പകുതിയിൽ ആകെ ൪൦൭ കേസുകൾ ഉണ്ടായിരുന്നതിൽ പ്രസവത്തോടുകൂടിയുള്ള

മരണം ൨൯, ശിശുമരണം ൬൩, മാതാക്കന്മാരുടെ സുഖക്കേട് ൧൭൭, ഒരു വിധം സുഖമായി പ്രസവം നടന്നത് ൧൨൩ ഇപ്രകാരമാണ് കണ്ടിട്ടുള്ളത്. ഇത്രവളരെ ജനസംഖ്യയുള്ള ഒരു താലൂക്കിൽ വൈദ്യസഹായത്തിന്റെ അഭാവം വളരെയുണ്ട്. ഈ വിഷയങ്ങളെല്ലാം കഴിഞ്ഞകൊല്ലത്തെ ബഡ്ജററുസമ്മേളനത്തിൽ ഞാനും എന്റെ ബഹുമാന്യസ്നേഹിതൻ രാമകൃഷ്ണപിള്ള അവർകളും ബഹുമാനപ്പെട്ട ഗവർമ്മെൻറിനെ അറിയിക്കുകയും ആ അവസരത്തിൽ ദിവാൻ പ്രസിഡന്റു അവർകൾ വളരെ അലിവോടും കാരുണ്യത്തോടും വയ്ക്കത്തേക്ക് ഒരു ലേഡീ ഡാക്ടരെ നിയമിക്കാമെന്നു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എന്തൊരു കാരണത്താലോ, അസൗകര്യം കൊണ്ടോ ൧൧൨൪-ൽ ലേഡീ ഡാക്ടർ അവിടെ എത്തീട്ടില്ല. ഗവമ്മെൻറു വയ്ക്കത്തോട് കാണിച്ച എല്ലാ അനുഭാവത്തേയും കാരുണ്യത്തേയും സംബന്ധിച്ച് നന്ദിപറയുന്നതോടുകൂടി, വയ്ക്കത്തേക്ക് ഒരു ലേഡീഡാക്ടരെ അയച്ചുതരണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. P. V. MATHAI CHEMPARATHI: Sir, I also support the motion. In this connection, I wish to bring to the notice of Government the necessity for opening more dispensaries in the Thodupuzha taluk. We have only one dispensary for the whole taluk to which people from a distance of 20 to 25 miles will have to walk for medical aid. Ever since I came to this House I was bringing this fact to the notice of the Government. But I am sorry to say that no progress has been made in that direction. It is a hilly place and people from a distance of 20 to 25 miles find it difficult to come to the dispensary for getting medicine. Therefore, I request the Government to open one dispensary at least at Arakulam in Thodupuzha taluk.

MR. M. BHASKARAN NAIR: Sir, I wish to call the attention of the Government to the danger that they will have to face if timely action is not taken to control the malaria epedimic in the Neyyattinkara taluk. Some seven years ago we had bitter experience when malaria assumed great dimensions, devastating many pakuthies of the Neyyattinkara taluk. I know of several well-to-do families which had succumbed to this evil and several have been blotted out of existence. Government took very prompt and effective measures. Several malaria dispensaries were started. Rice and cloth were distributed among the poor and the destitute.

PRESIDENT: Is not the malaria situation there now on the decline?

MR. S. JOHN: It is on the decline.

MR. M. BHASKARAN NAIR: I am sorry that is not correct. It was on the decline, but for the last three months malaria has begun to raise its head. Some malarial dispensaries are continuing in the Neyyattinkara taluk. But there is not sufficient supply of quinine in those dispensaries. I know the difficulties in getting quinine, and I believe that Government will not spare any pains to get the drug, whatever be the cost.

PRESIDENT: It was with that object that I invited Sir Gordon Jolly, Director-General of Medical Services, Government of India, to see the various localities and realise for himself how we are suffering from want of drugs, medicines, etc.

MR. M. BHASKARAN NAIR: Sir, I have to make a suggestion. In view of the fact that quinine is very difficult to be obtained I would suggest that Ayurvedic Dispensaries may be opened in these pakuthies. The Ayurvedic medicine has been proved to be very effective for the treatment of malaria during the last epidemic. In matters like this, prevention is better than cure. The Health Department has been doing some work towards mosquito control. But these activities have to be stiffened.

I may also express upon the necessity of establishing a permanent dispensary at Vizhinjom. It is a thickly populated coastal town of historical importance. In view of its natural position and the part it will have to play as a port especially in view of the coastal transport scheme which is being initiated by the Government, a dispensary is absolutely necessary there. There is a dispensary which is functioning for the last 16 years. More than twenty thousand patients attend the dispensary annually. Now the dispensary is housed in a private building for which rent is being advanced by the public. They have purchased a site and put up a basement for the construction of a building to house the dispensary there by incurring an expenditure of about Rs. 2,000. But they cannot collect sufficient funds to complete the building and so they are prepared to surrender the site along with the basement to the Government. So, I appeal to the Government that they may take possession of the site and complete the building and see that the dispensary is housed there, the necessity of which has been recognised by the Government, and see that it is run on efficient lines. With these remarks I support the motion.

MR. MAKKAR PILLAI: സർ, ആശുപത്രികളിൽ ഇപ്പോൾ കൂടുതലായി സ്ത്രീ ഡാക്ടറന്മാരെ നിയമിച്ചുവരുന്നതിൽ ഞാൻ ഗവൺമെന്റിനെ അനുമോദിക്കുന്നു. എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഓരോ സ്ത്രീ ഡാക്ടറന്മാർ എങ്കിലും ഉണ്ടാകത്തക്കവിധത്തിൽ ഈ നിയമനത്തെ തുടർന്നുകൊണ്ടുപോകണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. എന്നാൽ ഇപ്പോൾ അവരെ നിയമിച്ചുവരുന്നതു് ആണററി സർജ്ജൻ എന്ന നിലയിൽ ആണെന്നറിയുന്നു. അവർക്കു് ൫൦ രൂപായെ ശമ്പളമുള്ളൂ. ഇതു് ഒട്ടും പോരാത്തതാണ്. അതിനാൽ പ്രോ

ത്സാഹജനകമായ ഒരു ശമ്പളം അവർക്കും അനുവദിക്കേണ്ടതാണ്. ഇപ്പോഴും മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ വളരെ യോഗ്യതയുള്ള ധാരാളം ഡാക്ടറന്മാർ ഉണ്ടെങ്കിലും ചുരുക്കം ചില ഡാക്ടറന്മാർ സന്മാർഗ്ഗബോധം ഇല്ലാത്തവരായും ഉണ്ട്. സർജ്ജൻ ജനറൽ സർക്കൂട്ടുകാലങ്ങളിൽ ഇക്കാര്യത്തെക്കുറിച്ചുകൂടി അന്വേഷിച്ച് വേണ്ട പരിഹാരം ചെയ്യണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

MR. P. NARAYANA PILLAI; Sir, I also support this motion. In doing so, I wish to stress upon the necessity for establishing a dispensary at Nooranad. There is a very big hospital at that place which we never wanted. Not only that; we even protested against the establishment of such an institution there; that is the leper hospital. Ever since the establishment of that hospital we have been requesting Government to open a dispensary there, for the benefit of the public. But the Government never granted it. Without much inconvenience or expense on the part of the Government it is very easy to open a dispensary at that place. There are two or three Doctors permanently employed in the leper hospital. There is one Chief Medical Officer, an Assistant Surgeon and two Sub-Assistant Surgeons. Besides them, there will be Doctors coming there to specialize in the treatment of leprosy. In the matter of medicine also that hospital is well supplied. The leper hospital is not open to the public. The only thing that the Government is required to do is to construct a building which may cost only a small amount. If such a building is constructed it is very easy for the Government to open a dispensary and it will be of benefit to the people. The people of that locality are very poor. They cannot afford to go to distant places for medical help. When a local need can be satisfied without much expenditure or inconvenience on the part of the Government, it may be done.

SRIMATI T. NARAYANI AMMA: I support the motion. In doing so I wish to point out the necessity for increasing the number of nurses and midwives in the various hospitals and dispensaries of the State. From the report of the Administration of the Medical Department for 1117, I find that for the 31 medical institutions in the State, there are at present only 44 European sisters, 8 Indian nursing sisters, 77 female nurses, 17 male nurses and 30 sick nurses. This number is hardly sufficient to meet the requirements of these institutions. I find that there are hospitals and dispensaries where there are no European or Indian nursing sisters and I note also that there are institutions where the number of trained nurses employed is ab olutely inadequate.

PRESIDENT: I suppose the honourable member is aware of the scheme which has been recently adopted by the Government for the recruitment of nurses.

SRIMATI T. NARAYANI AMMA: Yes, I am aware of that. What I wish to point out is, that all these institutions must be staffed with an adequate number of nurses and midwives.

PRESIDENT: We have got only seven minutes altogether at our disposal. So, honourable members will curtail their remarks.

